Kāryyasthanāya
Narasiṃha

1846

Ci
XIV
263

N12<526909128 021
LS
ubTÜBINGEN

[Kāryyasthanāya Narasimha sambhāṣaṇa---]

**N. T. M. R. T. S.**

കാൎയ്യസ്ഥനായ നരസിംഹ ഭട്ടരും അവന്റെ മകനായ രാമൻ കുട്ടിയും അയൽപക്കത്ത പീടികക്കാരനായ അബ്ദുള്ളയും ൟ മൂവരുമായി ഉണ്ടായ സംഭാഷണങ്ങളെ എഴുതിയ പുസ്തകം.

---

നരസിംഹ ഭട്ടർ ഭവനത്തിന്റെ കോലിറയത്ത നടക്കുമ്പോൾ മാസപ്പടിക്കാരന്റെ കയ്യിൽ ഒരു ചെറിയ കെട്ട കൊടുത്ത നീ ഓടി പോയി തപ്പാലിൽ കൊടുക്ക എന്ന പറഞ്ഞയച്ചതിന്റെ ശേഷം അങ്ങാടിയിൽനിന്ന വരുന്ന മകനായ രാമൻ കുട്ടിയെ ദൂരത്തനിന്ന കണ്ടു. ഉറക്കെ വിളിച്ച പറഞ്ഞു, എടാ രാമ ഹൎജി എഴുതുവാൻ നിന്നോട പറഞ്ഞ പോയാറെ നീ കടലാസ്സുകൾ എല്ലാം ചിതറി ഇട്ടും വെച്ച എവിടെ പോയി. ഞാൻ കച്ചേരിയിൽനിന്ന കൊണ്ടുവന്ന കടലാസ്സുകൾ കാററുകൊണ്ട പറന്ന പോയി. മുമ്പിൽ പറഞ്ഞ ഹൎജി നീ എഴുതി വെക്കാതെയും കടലാസ്സുകൾ കെട്ടി വെക്കാതെയും എങ്ങോട്ട പോയി.

രാമൻ. അപ്പൻ പറഞ്ഞത പോലെ ഹൎജി അപ്പോൾ തന്നെ നല്ലവണ്ണം വിചാരിച്ച നോക്കി എഴുതി വെച്ചിട്ടത്രെ ഞാൻ പോയത. അത പറന്ന പോയി എങ്കിൽ ഞാൻ ഇനിയും ഒന്ന എഴുതി തരാം അപ്പാ അടിക്കല്ലെ.

നരസി. ഞാൻ അത ജഡ്ജിക്ക കൊടുത്തയച്ചു നീ എവിടെ പോയി സായ്പിന്റെ പ്രസംഗം കേൾപ്പാനായിട്ടൊ നേര പറ?

രാമ. അതെ അപ്പാ ഞാൻ അതിന്നായിട്ട തന്നെ പോയി.

നരസി. വികൃതി മുമ്പിൽ തന്നെ ആ സായ്പി ന്റെ പ്രസംഗം കേൾക്കേണ്ട എന്ന ഞാൻ പല വട്ടവും പറഞ്ഞിട്ടും നീ അനുസരിക്കുന്നില്ല അത കൊണ്ട ഇപ്പോൾ നിന്നെ ശിക്ഷിക്കാതെ ഇരു ന്നു കൂടാ.

രാമ. അയ്യയ്യൊ അപ്പാ അടിക്കേണ്ടാ ഞാൻ ഹജ്ജി നല്ലവണ്ണം എഴുതി വെച്ചും വച്ചു പോയി അടിക്കേണ്ടാ അപ്പാ.

അബ്ദുള്ള. പീടികയിൽനിന്ന രാമൻ കുട്ടിയുടെ ൟ നിലവിളി കേട്ടു അവിടെ ചെന്ന, നരസിംഹ ഭട്ടരെ, എന്തിന്നായിട്ട രാമൻ കുട്ടിയെ അടിക്കുന്നു എന്ന ചോദിച്ചു.

നരസി. ഇവൻ മൂലമായി ജാതി ഭ്രംശം വരു വാറായി ൟ വികൃതിക്ക ശിക്ഷ തന്നെ വേണം.

അബ്ദു. ദ്വേഷ്യപ്പെട്ടടിക്കരുത അവൻ അത്ര പൈതൽ അല്ലായ്കകൊണ്ട പറഞ്ഞാൽ മതി.

രാമ. എടൊ അബ്ദുള്ള അച്ശൻ പറഞ്ഞപോ ലെ ചെയ്യും വെച്ചു ഞാൻ പോയി. സായ്പ സം സാരിക്കുന്നത കേട്ടു നിന്നു പ്രസംഗം കേട്ടത കൊണ്ട അച്ശൻ അടിക്കുന്നു.

നരസി. മതി മതി മിണ്ടാതെ ഇരി ഏറെ സം സാരിക്കേണ്ട വാ പൊത്ത.

അബ്ദു. രാമൻ കുട്ടി എന്ത പ്രസംഗം കേട്ടു എ ന്ന എന്നോട പറയു.

നരസി. അബ്ദുള്ള ൟ ചതിയന്റെ വാക്ക വി ശ്വസിച്ചു കേൾക്കേണ്ടുന്നതിന്ന ആവിശ്യം ഇല്ല. നിങ്ങൾ എല്ലായ്പ്പൊഴും ഞങ്ങളുടെ അടുക്കൽ വന്ന കുറാനെ കൊണ്ട പറയുന്നു. അതകൊണ്ട നമുക്ക എന്ത? യാതൊരുത്തനും താൻ താൻ ജനിച്ച ജാ തിയിൽ നില്ക്കുന്നത അവന്ന നന്ന. അന്യജാ തിക്കാരുടെ വാക്ക കേൾക്കുന്നതിനാൽ ഒരു ഉപകാ രം ഇല്ല.

Ci XIV 263

അബ്ബ. ബുദ്ധിമാന്മാൎക്ക എല്ലാ ശാസ്ത്രങ്ങളെയും അറിഞ്ഞുകൊള്ളാം രാമൻ കുട്ടി കേട്ടത പറക.

രാമ. അപ്പാ ഞാൻ കേട്ടത പറയെണമൊ.

നരസി. അവന്റെ മനസ്സു പോലെ ചെയ്യു.

രാമ. ആ സായ്പു ഒരു വേദവാക്യം വിസ്തരിച്ചു പറഞ്ഞു അത എന്തെന്നാൽ, സകല ജാതികൾക്കും സാക്ഷിയായിട്ടു രാജ്യത്തിന്റെ എവൻഗെലിയോൻ ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെട്ടും അപ്പോൾ അവസാനം വരും. മത്തായി. ൨൪: ൧൪.

അബ്ബ. അവൻ ൟ വാക്കിന്റെ അൎത്ഥം എന്ത പറഞ്ഞു.

നരസി. അവന്റെ അൎത്ഥം നശിച്ചു പോകട്ടെ കള്ളും മാംസവും ഭക്ഷിച്ചു കുടിക്കുന്നവൎക്ക എത്ര ബുദ്ധിയുണ്ട. ഒന്നാമത ശബ്ദം കൂടെ അറിവാൻ പാടില്ല. അറിയുന്നു എങ്കിലും വിക്കി വിക്കി പറവാൻ കഴിയുന്നതെ ഉള്ളു.

രാമ. അവൻ പറഞ്ഞതിനെ ഞാൻ വെണ്ടുംവണ്ണം അറിഞ്ഞു. ജനങ്ങളും അറിവാൻ തക്കവണ്ണം പറഞ്ഞു. ഇപ്പോൾ ഞാൻ സ്പഷ്ടമായിട്ടു പറകയില്ല.

അബ്ബ. നല്ലത, താൻ പറയെണം.

രാമ. ആ സായ്പു താഴെ അങ്ങാടിയിൽനിന്ന വന്ന കേളപ്പന്റെ വീട്ടിന്മുമ്പാകെ ഉള്ള ആലിന്റെ ചുവട്ടിൽ നിന്നുകൊണ്ട പ്രസംഗം ചെയ്യുമ്പോൾ, ചില ശൂദ്രരും അവിടെ ചുററും നിന്നിരുന്നു. തന്റെ ജ്യേഷ്ഠന്റെ മകൻ പക്കിയും പിന്നെ പത്ത മുപ്പത ജനങ്ങളും വന്നു കൂടി നിന്നു. അപ്പോൾ ചിലർ വന്ന ഇത എന്തൊരു ശാസ്ത്രം ഭ്രാന്തന്മാരെ പോലെ എന്തിന്ന നിന്ന കേൾക്കുന്നു നില്ക്കേണ്ട എന്ന പറഞ്ഞ പരിഹസിച്ചു. അപ്പോൾ ഒരു മൂപ്പൻ അവരോട എന്തിന്ന പരിഹ

സിക്കുന്നു. അവർ എല്ലാവരോടും ശാസ്ത്രം ഉപദേശിക്കുന്നു. നിലവിളിക്കേണ്ടാ എന്ന പറഞ്ഞ മിണ്ടാതെ ആക്കി. അപ്പോൾ സായ്വ, സ്നേഹിതന്മാരെ അടങ്ങി കേൾപ്പിൻ. നിങ്ങൾ കലശൽ കൂടാതെ ഇരുന്നു എങ്കിൽ അൎത്ഥം ബോധിപ്പിക്കാം. പിന്നെ നിങ്ങളുടെ മനസ്സുപോലെ ചെയ്യുകൊൾവിൻ. എന്നാറെ അവർ അനങ്ങാതെ നിന്നുകൊണ്ട കേട്ടു.

നരസി. അബ്ദുള്ള അവൻ ചതിയൻ എന്ന പറഞ്ഞില്ലയൊ ചക്കര വാക്ക കൊണ്ട എല്ലാവരെയും വശത്താക്കി തന്റെ പ്രസംഗം വിഴുങ്ങിച്ചു എന്ന രാമൻ പറഞ്ഞു കണ്ടില്ലയൊ.

അബ്ദു. രാമൻ കുട്ടി ആ പ്രസംഗം എന്നോട പറയണം ഞാൻ കേൾക്കാം.

രാമ. സായ്വ പറഞ്ഞത എന്തെന്നാൽ എല്ലാ ജനങ്ങൾക്കും ദൈവം ഒരുവൻ അത്രെ. ൟ വെയിലും ആൾ നിറഞ്ഞ ലോകവും നക്ഷത്ര സൈന്യം നിറയപ്പെട്ടിരിക്കുന്ന ആകാശവും ഇങ്ങിനെ എല്ലാം സൃഷ്ടിച്ചവൻ ഒരുവൻ അത്രെ. ൟ ഭൂമിയിലുള്ള മനുഷ്യാദികളിലും പൎവതങ്ങളിലും ആദിത്യന്ന എത്ര ഉയരമുണ്ടായാലും വെളിച്ചത്തിന്ന എത്ര വിസ്താരം കണ്ടാലും അത്രെയും സൃഷ്ടിച്ചവന്റെ ദയ വലിയതും മനുഷ്യരിൽ നിറയുന്നതും ആകുന്നു. പൂക്കൾ വെയിൽ ഉദിക്കുമ്പോൾ തന്നെ വിടുൎന്ന സൂൎയ്യന്റെ ഗതി പോലെ മുഖം തിരിച്ച തിരിച്ച സുഗന്ധത്തെ അയച്ച സേവിക്കുന്നുണ്ട. ജീവജാലം എല്ലാം വെളിച്ചം കണ്ട സന്തോഷിച്ച അതതിന്റെ സ്വാഭാവികമായ ശബ്ദം കൊണ്ട സ്തുതിച്ച വരുന്നു. മനുഷ്യർ അല്ലാത്ത സൃഷ്ടികൾ എല്ലാം സ്രഷ്ടാവിനെ സേവിക്കുന്നുണ്ട. എന്നാൽ എല്ലാററിന്നും തലയായ മനുഷ്യൻ അങ്ങിനെ ചെയ്യു കാണുന്നില്ല. അവക്ക

അറിവുണ്ട എങ്കിലും ദൈവത്തെ അറിവാൻ വഴിയുണ്ട എങ്കിലും അവന്റെ അടുക്കലേക്ക അവരുടെ മനസ്സ ചെല്ലുന്നില്ല. കരുണയാൽ ഏറിയ ഗുണങ്ങളെ അനുഭവിച്ചിട്ടും സ്തുതിക്കുന്നില്ല. ദൈവേഷ്ടം അറിഞ്ഞിട്ടും അനുസരിച്ച സേവിക്കുന്നില്ല. എല്ലാവരിലും വാത്സല്യമുള്ളവൻ ഒരുപോലെ വെയിലും മഴയും പൊഴിക്കുന്നത കണ്ടിട്ടും സന്തോഷിക്കുന്നില്ല. അതകൊണ്ട നല്ല സുഖവും കാണുന്നില്ല ദുഃഖം അത്രെ. ജിവനുള്ളവരായിട്ടല്ല മരിച്ച പന്തിയിൽ കിടക്കുന്നു. മഹത്വഹീനന്മാരും ഭ്രഷ്ടന്മാരുമായി ഉഴലുന്നു. പിന്നെ ംരംലോകവും സൎവ്വ വത്സലന്റെ പണി ആകുന്നു എങ്കിലും ദൈവരാജ്യം അല്ല പിശാചുകളുടെ രാജധാനി എന്ന പറവാൻ സംഗതി ഉണ്ട. ഇത പരമാൎത്ഥം എന്ന അറിഞ്ഞുകൊൾവിൻ.

നരസി. അത എല്ലാവൎക്കും അറിഞ്ഞുകൂടായൊ ഇത ഉപദേശിക്കേണ്ടുന്നതിന്ന സായ്പിന്മാർ വിലാത്തിയിൽനിന്ന വരേണമൊ. ഇപ്രകാരം പറയുന്നതിൽ ഒര ഉപായം ഉണ്ടെന്ന തോന്നുന്നു. അങ്ങിനെ അല്ലയൊ അബ്ദുള്ള.

അബ്ദു. നരസിംഹ ഭട്ടരെ ഞങ്ങളിൽ ഇപ്രകാരം കൌശലം നടത്തുവാൻ പാങ്ങില്ല. അള്ളാ വലിയവൻ മഹമ്മത അവന്റെ നെബി എന്നുള്ളത സത്യം ഇതില്ലായ്മ ചെയ്വാൻ ആൎക്കും കഴികയില്ല.

രാമ. അതിന്ന മുമ്പെ പറഞ്ഞതും തെളിച്ച പറയാം. തമ്പുരാക്കന്മാർ കുടികളുടെ സൌഖ്യം വിചാരിക്കാതെ ദുഷ്ട ബുദ്ധികളായി നടക്കുന്നു എങ്കിൽ പ്രജകൾ കൂടെ ദ്രോഹം ചെയ്യും അത്രെ. വിധികൎത്താക്കന്മാർ സത്യാസത്യങ്ങളെ നോക്കാതെ സമ്മാനങ്ങളെ ആഗ്രഹിച്ച ന്യായം അന്യായം ആക്കി വെച്ചാൽ വ്യാപാരിക്കാർ ദേവകളിലും ഒട്ടും ഭയം കൂടാതെ കള്ള സത്യം ചെയ്യു. നേര കെടുത്തു.

കളകയും ചെയ്യും. യജമാനന്മാർ നിശ്ചയിച്ച ചമ്പളം കൊടുക്കാതെ വേല ചെയ്യിച്ചുവന്നാൽ വേലക്കാർ ചതിച്ചും കട്ടും ഊണകഴിക്കും, കച്ചവടക്കാർ അധിക വില പറഞ്ഞ സാരമില്ലാത്ത ചരക്കുകളെ വിററുകൊണ്ടാൽ അവൎക്ക തന്നെ ചേദം വരും താൻ താൻ കുഴിച്ചതിൽ താൻ താൻ തന്നെ വീഴും. പല രാജ്യങ്ങളിലും പ്രജകൾ മത്സരിച്ച രാജാവിനെ കൊന്ന തങ്ങൾ തന്നെ വാണുകൊൾവാൻ നോക്കുമ്പോൾ, തമ്മിൽ തമ്മിൽ അസൂയ തോന്നി, ഇടഞ്ഞ കലഹച്ചുഴിപ്പിൽ മുങ്ങി പോകയും ചെയ്യും. അതുപോലെ മനുഷ്യർ ഏക ഛത്രാധിപതിയായ ദൈവത്തോട മത്സരിച്ച വരുന്നതിനാൽ ഓരൊ പാപ ഫലങ്ങളെ അനുഭവിച്ച വരുന്നു. ഗുരുജനങ്ങൾ ബാലന്മാരെ നല്ലവണ്ണം ശിക്ഷിച്ച നടത്തുന്നില്ല. ശിഷ്യന്മാരും അവരെ ബഹുമാനിക്കുന്നില്ല. അപ്പനും കാരണവനും കുഞ്ഞുങ്ങൾക്ക ദോഷങ്ങളെ പഠിപ്പിച്ചു കൊടുക്കുന്നു. അതകൊണ്ട ആ കുഞ്ഞുങ്ങൾ പ്രാപ്തി വരുമ്പോൾ, അവരെ ആദരിക്കുന്നില്ല. പുരുഷൻ പരസ്ത്രീമുഖത്തെ നോക്കുന്നു അവളും അന്യനെ പിടിച്ച അവന്റെ മുതൽ ചിലവാക്കി കളയുന്നത ആശ്ചര്യമൊ. ഓരൊ കുഡുംബത്തിലെ ആളുകൾ തമ്മിൽ പിണങ്ങി അന്യോന്യം മുടിച്ച കളഞ്ഞുവരുന്നു. ഒരു ദേശത്തിലെ കുടികൾ തങ്ങളിൽ ചേരാത്ത വ്യാജം പ്രവൃത്തിച്ച കിടക്കുന്നു. ഓരോ ജാതിക്കാരും അപ്രകാരം തമ്മിൽ തമ്മിലും ഇടത്ത വലത്തുള്ളവരോടും ഇടഞ്ഞ കൊണ്ട പട കൂടി നശിച്ചുപോകുന്നു. അയ്യൊ ഒരു ദൈവത്തിൽനിന്ന ജനിച്ച ജ്യേഷ്ഠാനുജന്മാരായി ഒരുമിച്ച പാൎക്കേണ്ടുന്നവർ എത്ര ജാതികളായി ഭേദിച്ചു. ഏക ശരീരമായതിനെ എത്ര ഖണ്ഡമാക്കി മുറിച്ച നിസ്സാരമാക്കി വരുന്നുണ്ട.

നരസി. അബ്ദുള്ളാ കണ്ടൊ ഞാൻ പറഞ്ഞത ശരി അല്ലയൊ അവൻ മുമ്പെ പറഞ്ഞത ഒരു വിധം ആകുന്നു. ഇപ്പോൾ പറഞ്ഞത വിചാരിച്ചാൽ എല്ലാം ഒന്നാക്കേണം എന്ന ഭാവം കാണുന്നു ചതിയൻ തന്നെ.

രാമ. അപ്പാ ആയവൻ ചതിയൻ എങ്കിൽ, ആ സായ്പിനെ കണ്ടാൽ എഴുനീററ സലാം ചെയ്യു മൎയ്യാദപോലെ ബഹുമാനിച്ചു വരുന്നത തന്നെ അല്ല എന്നോടും അപ്രകാരം തന്നെ ചെയ്യേണമെന്ന പലപ്പോഴും അപ്പൻ പറഞ്ഞിട്ടില്ലയൊ.

നരസി. മതി മതി സ്വസ്ഥമായിരി.

രാമ. അബ്ദുള്ള കേൾക്ക. സായ്പു പിന്നെ പറഞ്ഞു. ആദിയിൽ ദൈവം മനുഷ്യരെ ഉണ്ടാക്കിയപ്പോൾ ഒരാണും പെണ്ണും ഇണയായിട്ടുണ്ടാക്കി. ഇപ്പോൾ ഒരു പുരുഷൻ എറിയ പെണ്ണുങ്ങളെ കെട്ടിവരുന്നുണ്ട. ആണുങ്ങൾ എല്ലാം സ്ത്രീഗൎഭത്തിൽ നിന്ന ജനിക്കുന്നു. എങ്കിലും സ്ത്രീകളെ നല്ലപോലെ നടത്താതെയും ബുദ്ധി ഒന്നും ഉപദേശിക്കാതെയും കൂടെ ഭക്ഷിക്കയും മററും മാനം ഒന്നും കാട്ടാതെയും പശുക്കളെ പോലെ കൊള്ളക്കൊടുക്ക മുതലായത ചെയ്യുവരുന്നുണ്ട. ഓരൊ രാജ്യം നശിച്ചു പോകുവാൻ കാരണം ഇത തന്നെ വീടുകൾതോറും ദൈവ മൎയ്യാദയെ കരുതി കൊള്ളുന്നില്ല എങ്കിൽ ഊരും നാടും നന്നായി വരിക ഇല്ല.

നരസി. ഛീ ഛീ അബ്ദുള്ള സാരമില്ല. ഹാഹാ.

രാമ. അയ്യൊ ൟ ദേശക്കാർ സകലത്തിന്നും പ്രകാശം കൊടുക്കുന്ന ദൈവത്തെ കാണാതെ പകൽ കണ്ണുകാണാത്ത മൂങ്ങായെ പോലെ പാൎക്കുന്നു. ബുദ്ധികേടാകുന്ന രാത്രിയിൽ ഉൾപ്പെട്ടു കണ്ണടച്ചു തുറന്ന അല്പ പ്രകാശമുള്ള നക്ഷത്രങ്ങളെ പോലെ എണ്ണമില്ലാത്ത ശക്തിഭൂതങ്ങളെയും ക

ണ്ട ദൈവങ്ങൾ എന്ന വെച്ച സേവിക്കുന്നു.
അയ്യൊ ഇപ്രകാരം മനുഷ്യർ സന്തോഷം സ്നേ
ഹം ഭക്തി സമാധാനം സുഖം മുതലായവറെറ
വിട്ട ദൈവ സ്തുതിയെയും തള്ളി കളഞ്ഞ ലോക
ത്തിൽ ഗവ്വം പക വ്യഭിചാരം ചതി കളവ കുല
ദൂഷണം മുതലായ പാപങ്ങളെ നിറെച്ച ദുഃഖം
കഷ്ടം പീഡ രോഗം മരണം മുതലായ സമുദ്ര
ത്തിൽ മുങ്ങി കിടക്കുന്നു. അയ്യൊ ഇത എല്ലാം ക
ണ്ടാൽ ദൈവത്തിൻെറ രാജ്യം ഇത എന്ന പറ
യാമൊ.

അബ്ദു. നരസിംഹ ഭട്ടരെ നിങ്ങൾ പറയുന്ന
ത ശരിയല്ല. അവൻ ശ്രദ്ധയോടെ കേട്ടത പറ
യുന്നു. ആ കേട്ട കാൎയ്യവും സത്യം തന്നെ. ജന
ങ്ങൾ സത്യ ദൈവത്തെ വിട്ട അവൻെറ വാക്ക
കേൾക്കാതെ പല വിഗ്രഹങ്ങളെ വെച്ച പൂജിക്കു
ന്നത കൊണ്ട ഠരം നാട വഷളായി പോയി. സു
ല്ത്താൻെറ കാലത്ത അമ്പലങ്ങളെ ചുട്ട ബിംബ
ങ്ങളെ തകൎത്ത ജനങ്ങളെ ചേലയിൽ കൂട്ടികൊ
ണ്ടിരുന്നപ്പോൾ രാജ്യത്തിന്ന സങ്കടം തീരേണ്ടു
ന്നതിന്ന അടുത്തിരുന്നു. ഇങ്ക്ലീഷ കുമ്മിനിയാർ
വന്നതിൻെറ ശേഷം ജനങ്ങളുടെ മനസ്സ പോ
ലെ നടന്നുകൊള്ളുന്നതിന സമ്മതിക്കകൊണ്ട അ
വർ മുമ്പിലത്തെ പോലെ ക്ഷേത്രങ്ങളെ ഉണ്ടാ
ക്കി പൂജ മുതലായ അടിയന്തിരങ്ങളെ ചെയ്യു രാ
ജ്യത്തെ കെടുത്തി വരുന്നത ഉള്ളതല്ലയൊ.

നരസി. ഉള്ളതല്ലയൊ എന്ന എന്തിന പറ
യുന്നു. നീ കഴിഞ്ഞ ആണ്ടിൽ മക്കത്ത പോകു
മ്പോൾ ഇപ്രകാരമുള്ള വാക്ക കേട്ടുവൊ. ഠരം സ
ൎക്കാർ നല്ലത തന്നെ അവൎക്ക നന്മ വരട്ടെ ഇനി
ക്ക മാസം ഒന്നുക്ക ൨൦൦ രൂപ്പിക തരുന്നെല്ലൊ. മ
റേറത കൊണ്ട ഇനിക്കും നിനക്കും എന്ത ഇപ്പോ
ഴത്തെ നടപ്പ കലിയുഗത്തിന്ന മതി. കലിയുഗ

ത്തിങ്കൽ പാപം പുണ്യം തന്നെ. പുണ്യം പാപം തന്നെ. സ്ത്രീ ഭൎത്താവിന്ന വിഷം കൊടുക്കട്ടെ. മകൾ അമ്മയുടെ മുഖത്ത തുപ്പട്ടെ. ബ്രാഹ്മണർ മാംസം തിന്നട്ടെ കള്ളും കുടിക്കട്ടെ ഇതെല്ലാം കലിയുഗത്തിന്റെ ധൎമ്മം അത്രെ.

അബ്ദു. ഛീ, ഛീ, നിങ്ങൾ എന്ത പറയുന്നു. ഇ പ്രകാരമുള്ള വാക്ക മകൻ കേൾക്കെ പറയാമൊ. നിങ്ങൾക്ക നല്ലതല്ല. വലിയവർ ഇപ്രകാരം നടന്നാൽ മതി കുട്ടികളെ വഷളാക്കരുത നിങ്ങളുടെ അഭിപ്രായം ഞാൻ അറിയുന്നു. രാമൻ കുട്ടി നല്ല വഴിയിൽ നടക്കട്ടെ, രാമൻ കുട്ടി സായ്പു പറഞ്ഞത എന്ത?

നരസി. മതി മതി നേരമായി ഒരു നാഴികെക്കകം ഉണ്മാൻ പോകെണം ഇപ്രകാരമുള്ള വാക്ക കേട്ടാൽ ക്ലേശം കൊണ്ട ഭക്ഷണം തന്നെ ചെല്ലുകയില്ല.

അബ്ദു. രാമൻ കുട്ടി ചുരുക്കത്തിൽ പറയു.

രാമ. സായ്പു അതെല്ലാം പറഞ്ഞ ചുറ്റും നില്ക്കുന്നവരെ നോക്കി നിങ്ങളും പാപം ചെയ്തു ദുഃഖപ്പെടുന്നു. ലോകാവസ്ഥ ഇപ്രകാരം അല്ലയൊ എന്ന ചോദിച്ചാറെ ജനങ്ങൾ പറഞ്ഞു, രാജ്യ മൎയ്യാദ ഇപ്രകാരം നടന്ന വരുന്നു. അപ്പോൾ സായ്പു നിങ്ങളുടെ മനസ്സ എങ്ങിനെ പാപവും ദുഃഖവും ഇല്ലാതിരിക്കേണമൊ എന്ന ചോദിച്ചപ്പോൾ അതെ എന്ന ജനങ്ങൾ പറഞ്ഞു. സായ്പും പറഞ്ഞത എന്റെ നാട്ടുകാരും അപ്രകാരം തന്നെ വിചാരിക്കുന്നു. അതല്ലാതെ ദൈവത്തിന്റെ വിചാരവും അങ്ങിനെ തന്നെ പാപവും പാപ ഫലങ്ങളും ഇല്ലാതാക്കി തരാം എന്ന വേദവാക്യത്തിൽ വളരെ പറഞ്ഞിരിക്കുന്നു.

നരസി. കേട്ടൊ അബ്ദുള്ള ബുദ്ധിയില്ലാത്തവരെ ആ സായ്പു പറഞ്ഞ ഭ്രമിപ്പിച്ചു കണ്ടൊ

മോശം വരുവാറായി സൂക്ഷിച്ചിരുന്നോളൂ.

അബ്ദു. നരസിംഹ ഭട്ടരെ ഞാൻ സൂക്ഷിച്ചു ൟ വാക്ക സത്യം തന്നെ. ബിംബങ്ങളെ പൂജിക്കുന്നത വലിയ ദോഷം. മഹമ്മതിനെ വിശ്വസിക്കേണം മക്കത്ത പോകേണം ധൎമ്മം ചെയ്യേണം നോമ്പെടുക്കേണം എന്നാൽ സ്വൎഗ്ഗം കിട്ടും ഇത തന്നെ പ്രമാണം. കല്ലും മരവും കൊണ്ട നിങ്ങൾക്ക എന്ത കാൎയ്യം.

നരസി. അബ്ദുള്ള കല്ലും മരവും സാരമല്ല എന്നും ഉറെപ്പുകൊണ്ടെ നിവൃത്തിയുള്ളു എന്നും ഞാൻ എപ്പോഴും പറഞ്ഞുവല്ലൊ.

അബ്ദു. കല്ലിലും മരത്തിലും ഉറെപ്പ വെച്ചാൽ എന്ത ഫലം അസത്യം പ്രമാണിച്ചാൽ സത്യം ആകുമൊ ബിംബത്തെ ദൈവം എന്നുറെപ്പിച്ചാൽ അതിൽ ദൈവത്വം ഉണ്ടാകുമൊ.

നരസി. അങ്ങിനെ അല്ല. ഞങ്ങൾ അങ്ങിനെ ഉറപ്പിക്കുന്നില്ല ഭഗവാനിലും ൟശ്വരനിലും ഭക്തി വേണം അവർ അത്രെ പാപത്തെ നീക്കി കളയുന്നു.

അബ്ദു. നരസിംഹ ഭട്ടരെ നിങ്ങൾ വിചാരിക്കുന്ന ബ്രഹ്മാദി ദേവകൾ തന്നെ എത്ര പാപം ചെയ്തിരിക്കുന്നു. അപ്രകാരമുള്ളവർ പാപ നിവൃത്തിക്ക മതിയാകുമൊ.

നരസി. രാമാ നീ പറഞ്ഞുകൊട.

രാമ. ഞാൻ ഒരു ചോദ്യം ചോദിക്കാമൊ.

അബ്ദു. പറയു രാമൻ കുട്ടി അതകൊണ്ട ഒന്നും വിചാരിക്കേണ്ട.

രാമ. അച്ഛന്റെ വഴി ഇനിക്ക അറിയാം അത ദുഷ്ടത ചെയ്ത ദൈവങ്ങളെ ഉറപ്പിച്ചു തീൎത്ഥയാത്ര ചെയ്താൽ പാപ നിവൃത്തി ആകും എന്നത്രെ. നിങ്ങളുടെ വേദം ഞാൻ നല്ലവണ്ണം അറിയുന്നില്ല മഹമ്മതിനെ കുറിച്ചുള്ള വിശ്വാസത്തെ

ഉറപ്പിച്ച മക്കത്തിന്ന പോയി ധൎമ്മം ചെയ്യുന്ന വക്ക പാപ നിവൃത്തി വരും എന്ന തന്നെ അല്ലയൊ നിങ്ങളുടെ വഴി.

അബ്ദു. അതെ പിന്നെ എന്ത?

രാമ. പാപം പോക്കുവാൻ ആ രണ്ട വഴിയും ഒന്ന തന്നെ എന്ന തോന്നുന്നു.

അബ്ദു. ഇനിക്കും അവക്കും ഒരു ദൈവം എന്ന പറയുന്നുവൊ.

രാമ. ഒന്നല്ല കേൾക്ക പാപികളായ ദൈവങ്ങൾ പാപത്തെ പോക്കുമാറില്ല എന്ന താൻ പറഞ്ഞുവല്ലൊ. മനുഷ്യനായി ജനിച്ച മഹമ്മതിന്ന കഴിയുമൊ അവൻ മനുഷ്യനല്ലയൊ പാപവും ചെയ്തില്ലെയൊ പറയു.

അബ്ദു. മതി രാമൻ കുട്ടി എന്ത പഠിച്ചു ദിവസം പ്രതി സായ്പിന്റെ അടുക്കൽ പോയി ഇതാകുന്നുവൊ പഠിച്ചത. നിങ്ങളെയും ഞങ്ങളെയും ഇവൻ ചതിക്കും നോക്കി കൊള്ളു.

നരസി. ചതിക്കട്ടെ അന്ന നോക്കി കൊള്ളാം ഇപ്പോൾ നീ അവനോട ഉത്തരം പറ സൂക്ഷിച്ച കൊൾക.

അബ്ദു. തനിക്ക പറവാനുള്ളതിനെ പറഞ്ഞ കഴിഞ്ഞാൽ ഞാനും പറയാം.

രാമ. ഞാൻ പറഞ്ഞു കഴിഞ്ഞു. അബ്ദുള്ള താൻ ഉത്തരം പറയുന്നില്ല എങ്കിൽ ഇനി ഒരു വാക്ക ഉണ്ട. അതിന്ന ഉത്തരം പറയുമായിരിക്കും മനസ്സുണ്ടെങ്കിൽ പറയാം.

അബ്ദു. വരട്ടെ വരട്ടെ.

രാമ. യേശു എന്നുള്ള പേർ കേട്ടിട്ടുണ്ടൊ അവനും നെബി അല്ലെയൊ.

അബ്ദു. ആ ഹാ ശരി തന്നെ അവൻ നെബി നേരു തന്നെ. റസൂലെ ഒഴിച്ച എല്ലാ മഹാത്മാക്കളെക്കാളും അവൻ വലിയവൻ തന്നെ ലോ

കാവസാനത്തിങ്കൽ അവൻ വന്ന എല്ലാവരുടെയും ന്യായം വിസ്തരിക്കും.

രാമ. ൦ര൦സാ നെബി പറഞ്ഞ വാക്ക അസത്യമൊ.

അബ്ദു. ഹോ, രാമൻ കുട്ടി അപ്രകാരമുള്ള മഹാത്മാക്കൾ വ്യാജം പറയുമൊ അവൻ പറഞ്ഞിരിക്കുന്നത എല്ലാം സത്യം തന്നെ.

രാമ. ആ യേശു താൻ ദൈവപുത്രൻ എന്ന പറഞ്ഞു അത വ്യാജമൊ?

അബ്ദു. അവൻ അങ്ങിനെ പറഞ്ഞു എന്ന ഒരുനാളും വിശ്വസിച്ചു കൂടാ അവന്റെ ശിഷ്യന്മാർ ചതിവായി അപ്രകാരം പറഞ്ഞിട്ടുണ്ടായിരിക്കും.

രാമ. അതെങ്ങിനെ ഏവൻഗെലിയോനിൽ ആ വാക്ക എഴുതിയിരിക്കുന്നത നീ കണ്ടില്ലയൊ. ഞാൻ കണ്ടിട്ടുണ്ട.

അബ്ദു. അവന്റെ ശിഷ്യന്മാർ ഏവൻഗെലി എല്ലാം മാററി വഷളാക്കി ഇരിക്കുന്നു.

രാമ. അബ്ദുള്ള യേശുവിന്റെ വാക്കെല്ലാം കേട്ടുകൊണ്ട അവന്റെ ശിഷ്യന്മാർ വ്യാജമായി എഴുതി എന്ന പറയുന്നുവൊ.

അബ്ദു. എന്റെ ചെവി കൊണ്ട ഞാൻ കേട്ടില്ല എന്ന അറിയാമെല്ലൊ.

രാമ. ഏവൻഗെലിയോൻ യവനാ ഭാഷയിൽ എഴുതിയിരിക്കുന്നു അത താൻ കണ്ടിട്ടില്ലെയൊ?

അബ്ദു. ഞാൻ കണ്ടിട്ടില്ല അറിഞ്ഞിട്ടുണ്ട.

രാമ. വായിക്കാതെ അറിഞ്ഞിരിക്കുന്നത എങ്ങിനെ നിന്റെ കുറാൻ എങ്കിലും വായിച്ചിട്ടുണ്ടൊ അറബി അറിയുമെല്ലൊ.

അബ്ദു. അറബി ഇനിക്ക അറിഞ്ഞു കൂടാ.

രാമ. ഹോ, ഇതാശ്ചര്യം തന്നെ ഏവൻഗെലി എങ്കിലും കുറാൻ എങ്കിലും വായിക്കാതെയും രൊ

ശ്രുവിനെ കാണാതെയും അവന്റെ ശിഷ്യന്മാരു ടെ എഴുത്ത നോക്കാതെയും ഇങ്ങിനെ പറയുന്നത എന്ത? ഹോ ൧൦ം ദിക്കിലുള്ള മുസല്മാന്മാരിൽ താൻ വളരെ പഠിച്ചിട്ടുള്ളവൻ തന്നെ എന്ന എല്ലാവരും പറയുന്നു. താൻ അറിയുന്നില്ല എങ്കിൽ മറ്റുള്ള വർ എന്ത അറിയും.

അബ്ദു. അയ്യൊ ഉണ്ണി പ്രായം ഏറിയവരെ പരിഹസിക്കാമൊ ബുദ്ധിമാൻ എന്ന വിചാരി ച്ചും നിന്ദിക്കരുത.

നരസി. അബ്ദുള്ള ൧൦ം പറയുന്നത ശരി അല്ല. ചൊദിക്കേണ്ടാ ഉത്തരം പറയെണം രാമൻ ആ സാഷ്യ പറഞ്ഞതിനെ ശ്രദ്ധയോടെ കേട്ട സൂക്ഷ്മ മായി ഗ്രഹിച്ചുകൊണ്ടത്രെ പറയുന്നത.

അബ്ദു. ആകട്ടെ ഇപ്പോൾ ഉത്തരം പറവാൻ സമയം ഇല്ല രാത്രിയായി അവൻ ചെയ്യ പ്രസം ഗം പറക പിന്നെ എന്ത.

രാമ. അത പറയാം പാപവും കഷ്ടവും വരരു ത എന്ന എല്ലാവരുടെയും വിചാരം ആകുന്നു. പാപവും കഷ്ടവും അരുത എന്ന ദൈവം കൂടെ വിചാരിക്കുന്നു. ആ വാക്ക ഭൂലോകത്തിലും പര ലോകത്തിലും ഒരുപോലെ നടക്കുന്നു. പാപവും കഷ്ടവും പോക്കേണം എന്ന എല്ലാ മതങ്ങളിലും ഒ രുപോലെ പറയുന്നുണ്ട അതിന്ന നിവൃത്തി ചെ യ്യേണ്ടുന്നതിന്ന മൂന്നു വഴികളെ പരിക്ഷിക്കുന്നു.

നരസി. രാമാ മതി എന്തിന്ന മിനക്കെടാതെ പാപം കഷ്ടം, കഷ്ടം പാപം എന്ന തത്ത പറയു ന്നത പോലെ പറയുന്നു.

രാമ. ഒന്നാമത കേൾക്ക, ലൌകീകം ആശ്രയി ക്കുന്നവർ കഷ്ടം പോക്കിയാൽ പാപം തീരും എ ന്ന വെച്ച കഷ്ടം പോക്കേണ്ടുന്നതിന്ന ഓരൊ ദോഷം ചെയ്യുന്നു, എങ്ങിനെ എന്നാൽ ധനവാ ന്മാരോട കട്ട കവൎന്ന ദ്രവ്യം കൊണ്ട സാധുക്കൾ

ക്ക ധമ്മം കൊടുത്താൽ പാപം പോയി എന്ന നിരൂപിക്കുന്നു. പകെക്കുന്നവരെ പകെച്ചാൽ പകെക്ക പരിഹാരമായ്വരും. കൊന്നവരെ കൊന്നാൽ അപ്രകാരവും തന്നെ. ഏഷണി പറഞ്ഞവരെ അധികകുരള പറഞ്ഞ ശിക്ഷിച്ചുകൊണ്ടാൽ മനസ്സ തണുപ്പിക്കും. സത്യ ദൈവത്തോട ഏറിയ ദ്രോഹങ്ങളെ ചെയ്തു കൊണ്ട കള്ള ദേവകളെ പ്രതിഷ്ഠിച്ച ശാന്തി കല്പിക്കുന്നുണ്ട. ഇപ്രകാരം ദോഷം തീക്കേണ്ടുന്നതിന്ന അധിക ദോഷം ചെയ്യുന്നത തന്നെ വഴി ആകുന്നു എന്ന ലൌകിക മതം. ൧ാം വഴി നിസ്സാരം.

രണ്ടാമത. സത്യവാന്മാർ അങ്ങിനെ അല്ല. ദുഃഖങ്ങൾ എപ്പേർപ്പെട്ടതും പാപം തന്നെ കാരണം പാപം മാറിയാൽ ദുഃഖവും കൂടെ നീങ്ങും എന്ന സത്യ പ്രകാരം നിശ്ചയിച്ച പാപം പോക്കുവാനായി പഞ്ചാഗ്നി മുതലായ ഘോര തപസ്സ ആചരിച്ച യോഗം അഭ്യസിച്ചും അന്നവസ്ത്രാദികളെ വജ്ജിച്ചും സന്ന്യാസം ചെയ്തും കഷ്ടിച്ചു വരുന്നുണ്ട. അതും നിഷ്ഫലം. ആക്കും സഹായം ചെയ്യാതെ സ്നേഹം ഉപേക്ഷിച്ച തന്നെ താൻ മാത്രം നോക്കി നടക്കുന്നതിൽ എന്തൊരു പുണ്യം. കുളത്തിൽ വീണ മുഴുകുന്ന പൈതലിനെ യോഗികൾ കണ്ടാലും സ്വസ്ഥരായി പാക്കും കണ്ണ കാണാതെ പോയ അച്ശനെ എങ്കിലും കുഴിയിൽ വീണാലും കരേററുകയില്ല. ദീനക്കാരെ നോക്കുകയില്ല. അറിയാത്തവരെ നടത്തുകയില്ല. ദുഃഖിതന്മാരോട ആശ്വാസ വാക്ക ഒന്നും പറകയും ഇല്ല. ദൈവം സ്നേഹം ആകുന്നു തപസ്സല്ല. സ്നേഹം കണ്ടാൽ പ്രസാദം ഉണ്ട. ആകയാൽ നിശ്ചല വൈരാഗ്യം കൊണ്ടെങ്കിലും ലോകത്തിലെ കഷ്ടം ചുരുങ്ങി പോകയും ഇല്ല. ശേഷം ജനങ്ങൾ സന്ന്യാസികളെ കണ്ടാൽ അയ്യൊ എങ്ങിനത്ത തപ

സ്സ ഇപ്രകാരം ഞങ്ങളാൽ കഴികയില്ല എന്നും ഇ വന്ന ധമ്മം കൊടുത്താൽ എന്റെ പാപത്തിന്ന നിവൃത്തി വരും എന്നും ഊഹിച്ച ഓരോന്ന കൊ ടുത്ത ദ്രവ്യം ഉണ്ടെങ്കിൽ സംശയം കൂടാതെ അധി ക പാപങ്ങളെ ചെയ്യുകൊള്ളും. എന്നാൽ അവ രുടെ പുണ്യങ്ങളെ കൊണ്ട മററവരുടെ പാപം ഏ റി വരുന്നുണ്ടല്ലൊ. തങ്ങളുടെ പാപം നീങ്ങുന്ന തും ഇല്ല. സമുദ്രത്തിലെ വെള്ളം നാലു പുറവും ക രെക്ക അടിച്ച തുള്ളി തുള്ളിയായി പതറി ഉണങ്ങു ന്നു എങ്കിലും സമുദ്രം കുറഞ്ഞുപോകുന്ന പ്രകാരം കാണ്മാനില്ല.

നരസി. നേരുതന്നെ യോഗികളും സന്ന്യാ സികളും ചതിയന്മാർ അത്രെ. എന്നെയും ഒരു ത്തൻ ഒരു പൊടി കാണിച്ച ചതിച്ചിരിക്കുന്നു. കള്ളന്മാർ അല്ലാത്തവർ ഉണ്ടെങ്കിൽ മൂഢന്മാർ എ ന്നെ വേണ്ടു. സ്നാനം ഉപവാസം യോഗം ധമ്മം മുതലായതിനാൽ പാപം പോകുന്നില്ല എന്ന ഞാൻ ഗ്രഹിച്ചപ്പോൾ ഒരം ദേഹത്തെ ആവോളം സേ വിച്ച പണം സ്വരൂപിച്ചു തുടങ്ങി ഇരിക്കുന്നിട ത്തോളം സൌഖ്യം വേണം മരിച്ചതിൽ പിന്നെ എന്തു വരും ആൎക്ക അറിയാം കമ്മ ഫലം ഒരുനാ ളും അനുഭവിപ്പാറില്ല എന്ന എന്റെ പക്ഷം.

അബ്ദു. ബ്രാഹ്മണ എന്തൊരു വാക്ക വാനു ലോകത്തിൽ ഇത വ്യാജം എന്ന തെളിയാറാകും.

നരസി. അബ്ദുള്ള നിന്റെ വാക്ക വ്യാജം എ ന്ന ഇനിക്ക ഇഹലോകത്തിൽ തന്നെ അറിയാം രാമാ നീ പറ.

രാമ. പറയാം മൂന്നാമത്തെ വഴി എന്തെന്നാൽ ഓരൊ വംശത്തിൽ ശ്രേഷ്ഠരായ ഋഷികൾ മുത ലായവർ ഓരോരുത്തൻ തന്നെത്താൻ നോക്കു ന്നത നന്നല്ല. വലിയ ജാതികൾക്കും ഓരൊ ഭാ ഷക്കാൎക്കും വേണ്ടുന്ന ഗുണം വിചാരിക്കേണം

എന്നിട്ട ധൎമ്മശാസ്ത്രങ്ങളെ ഉണ്ടാക്കി അതിൽ നീതിവഴിയെ കാണിച്ചു പാപങ്ങൾക്ക ഓരൊ ശിക്ഷാപ്രായശ്ചിത്തങ്ങളെയും കല്പിച്ചു രാജ്യം നന്നാക്കേണ്ടുന്നതിന്ന ഭയം നന്നായി പ്രയോഗിക്കെയുംചെയ്യു. പാപത്തെയും ദുഃഖത്തെയും ഇല്ലായ്മ ചെയ്യാൻ കഴിവില്ല എങ്കിലും ഇങ്ങിനെയുള്ള ബുദ്ധിമാന്മാർ നിയമിച്ചത മനുഷ്യർ ചമെച്ച വഴികളിലും ഉത്തമമായത.

നരസി. അബ്ദുള്ള ആ മ്ലേച്ഛൻ ഞങ്ങളുടെ ഋഷികളെ വൎണ്ണിച്ചതകൊണ്ട ഇനി ദൂഷണവും പറയും എന്ന തോന്നുന്നു. എന്നാലും ൟ വാക്ക സാരമല്ല. ഋഷികൾ വിചാരിച്ചു വെച്ച ചട്ടം നല്ലത തന്നെ കുറവ ഒന്നുമില്ല. അതിൽ നടക്കുന്നവരെ മാത്രം കാണുന്നില്ല. അത ഇവരുടെ തെററല്ലാതെ ഋഷികൾക്ക കുററമായി വരികയില്ല.

രാമ. അപ്പൻ സായ്പിനെ പോലെ ആയി എന്ന തോന്നുന്നു. അഭിപ്രായം ഇത തന്നെ ഋഷികൾ നേർവഴി കല്പിച്ചു എങ്കിലും ഞാൻ ഞാൻ അതിൽ നടക്കെണം എന്നുള്ള മനസ്സുണ്ടാക്കുവാൻ അവക്ക പ്രാപ്തി പോരാ. ഇത ദൈവത്തിന്നും കൂടെ വിഷമം അവനും തനിക്ക ഒരു ജാതിയെ എടുത്ത ദൈവ സ്നേഹം മനുഷ്യ സ്നേഹം എന്നിങ്ങിനെ പ്രധാന വെപ്പുകൾ ഉള്ളൊരു ധൎമ്മശാസ്ത്രം കല്പിച്ചു യഹൂദന്മാർ എന്ന വംശത്തോട ഏറിയ ഉപകാരങ്ങളെയും ശിക്ഷകളെയും പ്രവൃത്തിച്ചു പത്ത കല്പനകളാകുന്ന ന്യായപ്രമാണങ്ങളെയും കല്പിച്ചു കൊടുത്തു.

അബ്ദു. ഞങ്ങൾ അത വായിപ്പാറില്ല പറഞ്ഞു കേട്ടിട്ടുണ്ട.

രാമ. ശിക്ഷകൾ എത്രെയും കല്പിച്ചാലും ഹൃദയത്തിൽ ജനിച്ച ദുർവിചാരങ്ങളെ എങ്ങിനെ ശിക്ഷിക്കേണ്ടു. മാറാത്ത മനഃകാഠിന്യത്തിന്ന എ

ന്തൌഷധം പററും ഉള്ളം നോക്കുവാൻ ഒരാൾക്ക
മാത്രമെ കഴിയു മനുഷ്യൎക്ക ആൎക്കും വഹിയ. സക
ല പാപത്തിന്റെയും ഉറവ മനസ്സ ആകകൊ
ണ്ട പാപത്തെ എങ്ങിനെ നിറുത്തെണ്ടു. പുഴയു
ടെ ഒഴുക്ക തടുത്ത ചിറ കെട്ടിയാലും കുറെ ദിവസം
വെള്ളം നിറഞ്ഞ നിന്നുപോയാലും പിന്നെ ഒഴു
കാതെകണ്ട വററിപ്പോകയില്ല ചിറ കവിഞ്ഞ ഒ
ഴുകി നാലുപുറവും നശിപ്പിക്കെയുള്ളു. ഉറവിനെ
അത്രെ തടുത്ത വെക്കേണ്ടുന്നത പാപത്തിന്റെ
ഉറവ മനസ്സാകകൊണ്ട ഹൃദയം നിൎമ്മിച്ച സൎവ്വ
ജ്ഞനായ ദൈവത്തിന്നല്ലാതെ ആ ഉറവ അടെ
ക്കുവാൻ കഴിയുന്നതല്ല. അതകൊണ്ട ശാസ്ത്രവ
ഴിയും ഋഷി കല്പിതവും പോരാ. ദൈവത്തിന്റെ
ഒരുൾ ക്രിയവേണം. പിന്നെ ഋഷികൾ ഒരു വം
ശത്തിന്ന മാത്രം ശുദ്ധി വരുത്തെണം എന്ന വെ
ച്ച ആൎയ്യാവൎത്തം പുണ്യഭൂമി മദ്ധ്യദേശം എന്നു
ള്ളവ സൎവ്വ ദിക്കുകളിലും വെച്ച ഉത്തമം എന്നും
പ്രശംസിച്ച വരുന്നതിനാൽ പുറത്തുള്ള ജാതിക
ളെ മ്ലേച്ശർ എന്ന നിരസിപ്പാൻ സംഗതി വരും.
അപ്രകാരമായാൽ ആ മ്ലേച്ശന്മാർ കയൎത്തുകൊ
ണ്ട അക്രമിച്ച ജയിച്ച രാജ്യത്തെ വശമാക്കി അ
ടക്കിയാൽ പുരാണ മൎയ്യാദകളെ നീക്കി സ്വധൎമ്മ
ത്തെ നടത്തി വാഴുമെല്ലൊ. ഈ ഭാരത ഖണ്ഡ
ത്തിലും അപ്രകാരം സംഭവിച്ച അതകൊണ്ടും
ലൌകികന്മാർ, സത്യവാന്മാർ ഋഷികൾ ഇങ്ങിനെ
മൂന്നു കൂട്ടക്കാർ വിചാരിച്ച വഴികളിൽ പാപവും
കഷ്ടവും ഇല്ലാതാകുന്ന പ്രകാരം കാണുന്നില്ല.

അബ്ദു. രാമൻ കുട്ടി റസൂലള്ള ആകുന്ന മഹ
മ്മത ഉണ്ടല്ലൊ അവൻ പരമാൎത്ഥം ഉപദേശിച്ച
ത ഒരു രാജ്യത്തിന്നല്ല എല്ലാ ജാതികൾക്കും കൊ
ള്ളാകുന്നത തന്നെ. അതകൊണ്ട എല്ലാവരെയും
ചേലയിൽ കൂട്ടെണം എന്ന തന്റെ ആളുകളോട

പറഞ്ഞിരിക്കുന്നു. അത ദൈവകാൎയ്യം തന്നെ ഃരം അല്ല മനുഷ്യർ താൻതാന്റെ ദേശത്തെയും ജാതിയെയും ഭാഷക്കാരെയും വിചാരിക്കുന്നു. എല്ലാവരെയും സൃഷ്ടിച്ച രക്ഷിച്ച വരുന്ന ഏക ദൈവം ഒട്ടൊഴിയാതെ ഉള്ളവക്ക ഒരു വേദത്തെ മാത്രം കല്പിച്ചിരിക്കുന്നു.

രാമ. അത ശരി എങ്കിലും വാളുകൊണ്ട ജനങ്ങളെ ധൎമ്മമാൎഗ്ഗത്തിൽ ചേൎക്കുന്നത ന്യായമൊ ഭയപ്പെട്ട ചേൎക്കുന്നവർ സത്യമുള്ളവരാകുമൊ. ഭയം കൊണ്ട നല്ല അനുസരണം ഉണ്ടാക്കി കൂടാ എന്ന ദൈവം യഹൂദന്മാരുടെ അവസ്ഥയിലും കണ്ടു. തനിക്കും ഇങ്ങിനെ കഴിവില്ല എന്ന വേദപുസ്തകത്താൽ അറിയിച്ചിരിക്കുന്നു. വേറൊരുൾ ക്രിയ വേണം. ഹൈദർ ആലി ൨൦൦൦൦ മാൎഗ്ഗക്കാരെ തുളുദേശത്തിൽനിന്ന ബലാല്ക്കാരമായി പിടിച്ച ചേലയിൽ കൂട്ടിയ ശേഷം അനേകം പേർ ഓടിപ്പോയി പിന്നെ ക്രിസ്ത്യാനികളായി കാലം കഴിച്ചു. റിപ്പു ബ്രാഹ്മണർ മുതലായവരെ കൂട്ടീട്ടും സ്വജനങ്ങൾ അവരെ ചേൎത്തുകൊള്ളാതിരുന്നിട്ടും അവർ ഇന്നും രണ്ടിലും കൂടാതെ നില്ക്കുന്നു. ചിലർ ഇസ്ലാമിൽനിന്ന പോയി എങ്കിലും അവർ സത്യ മുസല്മാന്മാർ എന്ന വിചാരിക്കുന്നുണ്ടൊ.

അബ്ദു. രാമൻ കുട്ടി ആ സാക്ഷ്യ ഇപ്രകാരം പറഞ്ഞുവൊ.

രാമ. ഇപ്രകാരം പറഞ്ഞു. പിന്നെ മനുഷ്യ കല്പിതമായിരിക്കുന്ന മാൎഗ്ഗം വ്യൎത്ഥം എന്നും യേശു ക്രിസ്തുവിന്റെ മാൎഗ്ഗം ദൈവമതം എന്നും സ്പഷ്ടമായി ഉപദേശിച്ചു.

നരസി. രാമാ ക്രീസ്തുമാൎഗ്ഗം കൊണ്ട നമുക്ക എന്ത പ്രയോജനം ഉണ്ട ജനങ്ങൾ അപ്രകാരം നടക്കട്ടെ അത കിടക്കട്ടെ. നീ ഇന്നലെ പറഞ്ഞ വിലാത്തികഥ പാതിയായിരിക്കുന്നു അത മുഴുവനും പറ.

അബ്ദു. നരസിംഹ ഭട്ടരെ അതിപ്പോൾ വേണ്ടാ അത തീൎന്ന ഇപ്പോൾ ആ സാഖ്യ സത്യവേദത്തെ നിന്ദിച്ച ക്രീസ്തുവേദം സത്യമെന്ന പറഞ്ഞ പ്രകാരം രാമൻ കുട്ടി പറയുന്നെല്ലൊ. അതിന്ന വിരോധമായ പല ന്യായങ്ങളും ഉണ്ട. നിങ്ങൾ പറവിൻ പിന്നെ ഞാൻ പറയാം.

രാമ. ഞാനായിട്ട പറയുന്നില്ല. ഞാൻ ബ്രാഹ്മണൻ അല്ലെയൊ ബ്രാഹ്മണെക്ക വേണ്ടാ. അവന്റെ വാക്ക കേൾക്കെണമൊ. ഞാൻ പറയാം. മനുഷ്യ മതം വ്യൎത്ഥം എന്നും ദൈവമാൎഗ്ഗം അത്ര സത്യമെന്നും ചൊല്ലിയ ശേഷം പാപത്തിങ്കൽ നിന്നുണ്ടാകുന്ന അനുഭവങ്ങളെ വിസ്തരിച്ച പറഞ്ഞു. അത അസഹ്യമായ ഭാരം എടുത്തുവരുന്നവർ ബുദ്ധിമുട്ടി കിടക്കുന്നു. അതിക്രൂരമായ അനുഭവം ഇപ്പോൾ അറിയുന്നതും ഇല്ല. ഇന്ന അകപ്പെടുന്ന ഉപദ്രവം സങ്കടം ദീനം മരണം മുതലായത കുറയ ദിവസത്തേക്ക മാത്രമെ ഉള്ളു, ചാകുമ്പോൾ തീൎന്നപോകും. അനന്തരം മുമ്പിൽ വിചാരിക്കാത്ത കഷ്ടങ്ങളെ കാണും. അതിന്റെ കാരണം നീതിയുള്ള ദൈവം ഇഹലോകത്തിങ്കലും പരലോകത്തിങ്കലും പാപ സംബന്ധമായതിൽ എല്ലാം നിരന്തരമായ കോപത്തെ കാണിക്കുന്നു ലോകാരംഭം മുതൽ ചെയ്യുിരിക്കുന്ന പാപങ്ങളെ കണ്ട മറക്കാതെ ശിക്ഷിക്കെണം എന്ന കരുതികൊണ്ടിരിക്കുന്നു. അവൻ ഓരൊ മനുഷ്യരുടെ ജനനം തുടങ്ങി ഹൃദയത്തിങ്കൽനിന്ന മുളച്ചുവന്ന ദോഷങ്ങൾ എല്ലാം തിരുമനസ്സിൽ എഴുതി വെച്ചിരിക്കുന്നു. ദൈവം ഇത അറിയും അറിഞ്ഞാൽ ശിക്ഷിക്കും എന്ന എല്ലാവരും ഊഹിക്കകൊണ്ട ദൈവത്തെ ഭയപ്പെട്ട വരുന്നു, ൟ ഭയം പുറത്ത കാണിക്കുന്നില്ല, ഉള്ളിൽ ഉണ്ട നിശ്ചയം. അയ്യൊ രാജാവിന്ന തങ്ങളുടെ മേൽ കോപം ഉണ്ടെന്ന അ

റിഞ്ഞ ബുദ്ധി മുട്ടി വലഞ്ഞ പോകുന്നവരെ പോലെ ജനങ്ങൾ സവ്വ ശക്തിയുള്ളവന്റെ കോപം തങ്ങളുടെ നേരെ ജ്വലിക്കുന്നു എന്ന അറിഞ്ഞിട്ട ഭയം ഹേതുവായിട്ട ദൈവത്തിന്റെ വെപ്പുകളെ മറന്ന പരവശന്മാരായി നല്ല വേല ഒന്നും ചെയ്യാതെ ബദ്ധപ്പെട്ട ഒന്നിൽനിന്ന ഒഴിഞ്ഞ രണ്ടിൽ ആസ്വരും; ദൈവത്തോട അടുക്കാതെ ദൂരെപ്പോയി നശിച്ചുപോകുന്നു. ൟ കോപത്തിന്നും അതിൽനിന്ന ജനിക്കുന്ന ഭയത്തിന്നും നിവൃത്തി വന്നില്ല എങ്കിൽ ദൈവ സന്നിധിയിൽ അടുക്കേണ്ടുന്നതിന്നും സ്നേഹിച്ച സേവിക്കേണ്ടുന്നതിന്നും ഇട വരികയില്ല. ഇപ്രകാരം ഇരിക്കുമ്പോൾ പാപത്തിൽനിന്ന എങ്ങിനെ രക്ഷ ഉണ്ടാകും.

നരസി. ദൈവത്തിന്ന മനസ്സുണ്ടെങ്കിൽ എത്ര വലിയത എങ്കിലും ഒരു ക്ഷണനേരത്തിൽ ക്ഷമിക്കും.

രാമ. കേൾപ്പിൻ പാപത്തിന്ന ശിക്ഷിക്കാതെ കണ്ട ദൈവത്തിന്നും ക്ഷമിച്ചുകൂടാ. ആ സത്യവാന്റെ മനസ്സ മാറുന്നില്ല. മനുഷ്യരെ സൃഷ്ടിക്കുമ്പോൾ തന്നെ എല്ലാവരുടെയും ഹൃദയങ്ങളിലും ഇത തന്നെ എഴുതി വെക്കകൊണ്ട മനുഷ്യരായി ജനിക്കുന്നവർ ഓരോരുത്തർ തന്റെ തന്റെ പാപത്തിന്ന ശിക്ഷ വരികെയുള്ളു എന്ന ഭേദം വരാതെ നിശ്ചയിച്ചിരിക്കുന്നു. പക്ഷെ ഒരു ക്ഷമയുണ്ടാകും എന്നുള്ള നിരൂപണത്തിൽ സംശയം വളരെ കൂടിട്ടുണ്ട. ആ സംശയം തീക്കേണ്ടുന്നതിന്ന യേശു ക്രിസ്തു അവതരിച്ചു. എല്ലാവക്കും രക്ഷെക്ക ഒരു വഴിയെ ഉണ്ടാക്കി. അതിന്റെ വിശേഷം ത്രി ഏക ദൈവം മനുഷ്യരെ ഉണ്ടാക്കിയതിൽ പിന്നെ പാപത്തിൽ ഉൾപ്പെട്ട അവകാശത്തെ തള്ളി കളഞ്ഞ പാപ മരണങ്ങളിൽ മുങ്ങുന്ന പ്രകാരം കണ്ട മനസ്സലിഞ്ഞ പുത്രനും കരുണ

പൂണ്ട ഇവർ നശിച്ചുപോകാതിരിപ്പാൻ ഞാൻ
ഒന്ന ചെയ്യാം. ലോകം നിറെഞ്ഞ പാപം നിമി
ത്തം ഇവരിൽ ഉണ്ടായിപോയ ദൈവകോപത്തെ
യും ശാപത്തെയും ഞാൻ എടുത്ത സഹിച്ച അ
വരെ വീണ്ടുകൊള്ളെണം എന്ന വിചാരിച്ച ഇ
ഷ്ടകാലത്തിങ്കൽ മനുഷ്യരുടെ ഇടയിൽ മനുഷ്യ
നായി ജനിച്ചു. ജനിച്ചനാൾ തുടങ്ങി സ്വപിതാ
വായ ദൈവത്തിന്റെ ഇഷ്ടം എല്ലാം നിരന്തരമാ
യി നടത്തി പ്രായം ചെന്നപ്പോൾ പാപം ഇല്ലാ
ത്ത ഏക മനുഷ്യനായി വിളങ്ങി ദൈവാത്മാവും
അവനിൽ നിറഞ്ഞു. അവന്റെ ദൈവവേല
യെ കാക്കുകയും ചെയ്തു. അപ്പോൾ അവൻ യ
ഹൂദ രാജ്യത്തിൽ എല്ലാടവും നടന്നുകൊണ്ട നി
ങ്ങൾക്കും എല്ലാവക്കും വേണ്ടി പാപ കഷ്ടങ്ങളെ
നിവൃത്തിപ്പാൻ ഞാൻ പരലോകത്തിൽനിന്ന ഇ
റങ്ങി വന്ന ദൈവ പുത്രൻ എന്നും എന്റെ സ്നേ
ഹത്തിന്നും നിങ്ങളുടെ രക്ഷക്കും നിശ്ചയം വരേ
ണ്ടുന്നതിന ഞാൻ എല്ലാവക്കും വേണ്ടി മരിച്ച
കൊള്ളാം എന്ന പല വിധേന അറിയിച്ചുകൊ
ണ്ട അനേക ജനങ്ങൾക്കും മഹാ രോഗം ബാധോ
പദ്രവം മരണപാപം ഈ വക എല്ലാം ശമിപ്പി
ച്ച പോന്ന ൧൨ ശിഷ്യന്മാരെ വിളിച്ച ദൈവമാ
ൎഗ്ഗം എല്ലാം ഗ്രഹിപ്പിച്ച വന്ന ശേഷം മഹാ ജന
ങ്ങളുടെ അസൂയ കൊണ്ട ഏറിയ ഹിംസകൾക്ക
പകരം ഹിംസയെ അനുഭവിച്ച കള്ളൻ എന്ന
പോലെ കുരിശിൽ തറെക്കപ്പെട്ട മരിച്ച ഈവണ്ണം
തന്റെ പാപത്തിന്നായിട്ടല്ല ജനങ്ങളുടെ പാപ
ത്തിന്ന വേണ്ടി പ്രാണനെ ഉപേക്ഷിച്ചു. മരിച്ച
മൂന്നാം ദിവസം അവൻ കുഴിയിൽനിന്ന എഴുന്നി
റ്റ ൪൦ ദിവസം വരെ ശിഷ്യൎക്ക കാണപ്പെട്ടു
ദൈവരാജ്യ വിശേഷങ്ങളെ ഗ്രഹിപ്പിച്ച അവർ
ഭൂമിയിൽ എല്ലാടവും സഞ്ചരിച്ച തന്റെ നാമ

ത്തെ ഘോഷിച്ച അറിയിച്ച സകല ജാതികളെയും സ്നാനം കൊണ്ടും ഉപദേശം കൊണ്ടും ശിഷ്യരാക്കേണം എന്ന കല്പിച്ച ദേഹത്തോട കൂടി സ്വൎഗ്ഗാരോഹണം ചെയ്തു. ഇങ്ങിനെ ഇരിക്കുന്ന യേശു യുഗാവസാനത്തിങ്കൽ രണ്ടാമതും വന്നിറങ്ങി മരിച്ചവരെ ഉണൎത്തി ശരീരത്തോട എഴുനീല്പിച്ച എല്ലാവരോടും ന്യായം വിസ്തരിച്ച വിധി കല്പിക്കും. ദൈവം യേശു മൂലമായി ഉണ്ടാക്കിയ രക്ഷയുടെ വഴി ഇത തന്നെ.

നരസി. ൟ കഥ കേട്ടാൽ പാപം തീരുമൊ. നല്ല സൽക്കഥ കേട്ടാൽ നരകം ഉണ്ടാവ്വരാ എന്ന ഭാരതത്തിൽ ചൊല്ലുന്നുവെല്ലൊ.

രാമ. അങ്ങിനെ അല്ല. സാവധാനമായി കേൾക്കേണം പാപി അല്ലാത്ത ദൈവപുത്രൻ പാപികൾക്ക വേണ്ടി മരണം സഹിച്ച ജീവിക്കകൊണ്ട എല്ലാവരിലും ദൈവകോപം ഇല്ലാതെ ആക്കി ഇരിക്കുന്നു. അതിന്റെ അനുഭവമൊ കേട്ടു വിശ്വസിക്കുന്നവൎക്കത്രെ വരുന്നത. ഇങ്ങിനെ ഉള്ളവരെ ആ യേശു തന്നോട ചേൎത്ത തന്റെ ആത്മാവിനെ അവരിൽ ആക്കി ദാസന്മാരുടെ ഭയപ്പാട നീക്കി പാപത്തിൽ നീരസം ജനിപ്പിച്ച ദൈവത്തെ സ്നേഹിപ്പാറാക്കും. എന്റെ പാപം നീ ക്ഷമിക്കേണം എന്ന അപേക്ഷിക്കുന്നവന്ന ശുദ്ധി വരുത്തും അല്ലാത്തവൎക്ക താൻതാന്റെ കൎമ്മങ്ങൾക്ക തക്കവണ്ണം ന്യായവിസ്താര ദിവസത്തിങ്കൽ ശിക്ഷ കല്പിക്കും. കഷ്ടങ്ങൾക്ക പരിഹാരം വരുന്ന വഴിയൊ, മുമ്പെ ശുദ്ധി പിന്നെ സൌഖ്യം എന്ന ചട്ടം ഉണ്ട. അതിന്ന യേശുവിന്റെ രക്തം ജലസ്നാനം ദൈവാത്മാവെന്ന അഗ്നിസ്നാനം ൟ വക എല്ലാം നടത്തി പാപങ്ങളെയും പാപിയെയും വേൎതിരിച്ച വരുന്നു. ഇതിനാൽ വരുന്ന കഷ്ടം ചെറിയതല്ല. എങ്കിലും ശുദ്ധി അ

പേക്ഷിക്കുന്നവൎക്ക അസഹ്യം. ൟ വേല തീൎന്ന ശേഷം ലോകത്തിലെ അശുദ്ധിയും പ്രപഞ്ചെത്തിൽ പററിയ ശാപവും നശിപ്പിച്ച ഭൂമിയെ പുതുതാക്കി തന്റെ സാധുക്കളോട കൂടെ എന്നെന്നേക്കും അതിൽ വാഴും. ദൈവത്തിന്റെ വിശേഷ ഗുണങ്ങളാകുന്ന സ്നേഹവും നീതിയും ൟ മാൎഗ്ഗത്തിൽ പ്രകാശിച്ച വരുന്നു. അതിന്ന ദൃഷ്ടാന്തം; പാപത്തിന്ന ശിക്ഷ കല്പിക്കാതെ ക്ഷമിപ്പാൻ കഴിയും എങ്കിൽ പ്രിയനായ മകനെ ദുഷ്ക്രവൃത്തിക്കാരനെപ്പോലെ നടത്തുക ഇല്ലായിരുന്നു. അത നീതിക്ക പോരാ, പാപത്തിന്ന ശിക്ഷ ഉണ്ടാകെണം. എല്ലാവരിലും ശ്രേഷ്ഠനായവനിൽ മരണം പാപികൾക്ക വേണ്ടി ഏല്പിച്ചതിനാൽ അതിശയമായ സ്നേഹം കൂടെ കാണിച്ചു. ദൈവ മനസ്സിൻ പ്രകാരം ൟ ശുഭവൎത്തമാനത്തെ നിങ്ങളോട അറിയിക്കേണ്ടുന്നതിന്ന ഞങ്ങൾ വന്നിരിക്കുന്നു. ദൈവകോപം ശമിച്ചുപോകുന്ന വഴി ഇത തന്നെ എന്ന ഗ്രഹിച്ചുകൊണ്ട മനുഷ്യർ ചമെച്ച മതങ്ങളെ വിട്ട മനസ്സോടെ ൟ ദൈവ മതം അനുസരിച്ച ക്രീസ്തു എന്ന രാജാവിന്റെ പ്രജകൾ ആകുവിൻ അല്ലെങ്കിൽ രാജാവ ന്യായം വിസ്തരിക്കുന്ന ദിവസം നിങ്ങൾ കേട്ടു എങ്കിലും കേൾക്കാതെ പോയിട്ടുതന്നെ അല്ല രാജാവിനെ നിരസിച്ചു എന്നുള്ള വിധി വരും. ഇനിയും ഒന്ന പറയുന്നു. ആ ദിവസം അടുത്തിരിക്കുന്നു. ൟ ഖണ്ഡത്തിലും മററും ൟ സുവിശേഷം ഇപ്പോൾ അറിയിച്ചു വരുന്നുണ്ട എല്ലാടവും സാക്ഷിയായി അറിയിച്ചതിന്റെ ശേഷം ആ അവസാനം വരും, ഇപ്പോൾ അറിയിച്ചിരിക്കുന്ന പ്രകാരം നിങ്ങൾ കണ്ണുകൊണ്ട കാണുന്നു. ചെവികൊണ്ട കേൾക്കയും ചെയ്യുന്നു. ആകയാൽ വിശ്വസിപ്പിൻ എന്ന പറഞ്ഞു തീൎന്നു.

അബ്ദു. രാമൻ കുട്ടി പറഞ്ഞത എല്ലാം കേട്ടു ഇതുവരെയും മിണ്ടാതെ ഇരുന്നു. ഇപ്പോൾ വിചാരിച്ചു ഉത്തരം പറയുന്നു. ൟ പ്രസംഗം എല്ലാം കള്ളം. പറഞ്ഞതൊക്കെയും ദൈവത്തിന്ന ദൂഷണവും മനുഷ്യൎക്ക മോശവും ആകുന്നതല്ലാതെ സത്യവാക്ക ഒന്നും ഇല്ല.

രാമ. അബ്ദുള്ള അതിൽ വാക്കുണ്ട അത ഇനിക്കു വളരെ ആശ്ചൎയ്യം നിന്റെ പക്കി അവിടെ നിന്ന തന്നെ പറഞ്ഞിരിക്കുന്നു.

അബ്ദു. കണ്ടൊ നമ്മുടെ വംശക്കാരനെല്ലൊ. ബുദ്ധിയുള്ളവർ എല്ലാം അങ്ങിനെ പറയും. മൂന്ന ദൈവങ്ങൾ ഉണ്ടെന്ന കല്പിച്ചത അതിശയമായ വ്യാജം.

നരസി. അത എന്ത മൂന്ന ദൈവങ്ങൾ എന്നുള്ളത എന്തൊരു പുതുമ. നമുക്ക മുപ്പത്തമുക്കോടി ഉണ്ടല്ലൊ.

അബ്ദു. നരസിംഹ ഭട്ടരെ ഇപ്പോൾ ൩൩ കോടി എന്ന പറയുന്നു എങ്കിലും നിങ്ങൾ അവരിൽ ഒന്നിലും വിശ്വസിക്കുന്നില്ല. ആ സായ്വ തനിക്കുള്ള മൂന്ന ദൈവവും ഒന്നു തന്നെ എന്ന പറയുന്നുണ്ട.

നരസി. അത എന്താകുന്നു. എല്ലാം ഒന്ന ദൈവ മനുഷ്യ പശു പക്ഷി മൃഗാദികൾ സൎവ്വവും ഒന്നു തന്നെ എന്ന ബുധന്മാർ അറിയുന്നു.

അബ്ദു. നരസിംഹ ഭട്ടരെ നിങ്ങളെ മുഖത്തിൽ നിന്ന വന്ന പ്രകാരം പറയുന്നതിന നിങ്ങൾക്ക നന്നായി തോന്നും. കേൾക്കുന്നവൎക്ക സംശയം ഉണ്ട ചെയ്വാൻ കഴികയില്ല ത്രിയേക ദൈവം എന്ന പറയുന്നത മൂഢന്മാർ അത്രെ.

രാമ. ആ സായ്വ പക്കിയോട പറഞ്ഞ ഉത്തരം ഞാൻ കേട്ടു. പക്കി അവരോട നിങ്ങളുടെ മൂന്ന ദൈവങ്ങൾ ഒന്നാകുമൊ എന്ന ചിരിച്ചും കൊണ്ട

ചോദിച്ചപ്പോൾ സാക്ഷ്യ അങ്ങിനെതന്നെ ഇത ദൈവവാക്യത്തിൽ ഉണ്ട അത മനുഷ്യർ നല്ലവണ്ണം തിരിച്ചറിവാൻ കഴിയാതെ വിശ്വാസത്താൽ പ്രമാണിക്കെണം എങ്കിലും ഒന്ന ചോദിക്കട്ടെ മനുഷ്യരും ത്രിയേകരല്ലെയൊ? നിനക്ക ശരീരം ഇല്ലെയൊ? ഞാൻ കാണുന്നു അതിൽ സുഖ ദുഃഖങ്ങളെ അറിഞ്ഞ അനുഭവിക്കുന്ന പ്രാണൻ ഇല്ലെയൊ? ആ പ്രാണനിൽ മററുള്ളവരുടെ വാക്കുകളെ കേട്ട വിചാരിച്ച ഓരോന്ന നിശ്ചയിച്ച പ്രാണനെയും ശരീരത്തെയും നടത്തി വാഴുന്ന മനസ്സില്ലെയൊ. മനുഷ്യരെ തന്റെ സ്വഭാവത്തിന്ന തക്കവണ്ണം ഉണ്ടാക്കിയത ദൈവം അല്ലെയൊ. ഇങ്ങിനെ കേട്ടാറെ കൂടിയവർ ചിലർ മിണ്ടാതെ വിചാരിച്ച നിന്നു.

അബ്ദു. ആ വ്യാജം പോകട്ടെ മററുണ്ട ദൈവം നീതിയുള്ളവൻ എന്നുവരികിൽ പാപം ഇല്ലാത്തവനിൽ ശിക്ഷ വരുത്തുമൊ.

രാമ. ആ വാക്ക ഞാൻ പ്രമാണിക്കുന്നില്ല എങ്കിലും ഇതിൽ തെററ കാണുന്നില്ല. ദൈവം ൟ ലോകത്തെ രക്ഷിച്ച വാഴുന്നുണ്ട എന്ന നീയും പറയുന്നു. എന്നാൽ ൟ ലോകത്തിൽ പാപികളുടെ പാപം ഏറിയ സ്ഥലങ്ങളിൽ അവരുടെ മേൽ അല്ല ആ പാപം ചെയ്യാത്തവരുടേ മേൽ വരുന്നു. രാജദ്രോഹം കൊണ്ട പ്രജകൾക്ക എത്ര ദുഃഖം വരുന്നു. വീട്ടുകാരന്റെ ബുദ്ധിക്കേടുകൊണ്ട കെട്ടിയവൾക്കും കുട്ടികൾക്കും മററും ഒരുപോലെ കഷ്ടം വരുന്നില്ലയൊ. ഒരു മകനെ കൊണ്ട ഒരു കുഡുംബം എല്ലാം നശിച്ച പോകുന്നത അപൂൎവ്വമൊ. ആദം ഹവ എന്ന ആദ്യ മാതാപിതാക്കന്മാരുടെ ദോഷം കൊണ്ട സൎവ്വ മനുഷ്യൎക്കും പാപവും കഷ്ടവും വന്നില്ലയൊ. അങ്ങിനെ എല്ലാം വിചാരിച്ചാൽ ദൈവത്തിങ്കൽ നീതി ഇല്ല എന്ന പറയാമൊ. പിന്നെ ദൈവം പാപികളുടെ ശിക്ഷയെ

ആ യേശുവിൻെറ മേൽ ബലാല്ക്കാരമായി വെ
ച്ച പ്രകാരം ആ സാഎ്ഷ്യ പറയുന്നില്ല യേശു ത
ൻെറ ഗുണമുള്ള മനസ്സാലെ പാപികളുടെ ഉദ്ധാ
രണം അപേക്ഷിച്ച ദൈവകോപത്തെ തൻെറ
മേൽ ആക്കി വഹിച്ചു എന്ന പറയുന്നു. ഒരു ഗു
ണവാൻ അയല്ക്കാരന്നവേണ്ടി മുതൽ എല്ലാം കൊ
ടുത്തു വിട്ടാൽ പ്രാണനെയും ഉപേക്ഷിച്ച മററവ
ൻെറ കടം വീട്ടിയാൽ അതിൽ അന്ന്യായം ഉണ്ടൊ.

അബ്ദു. നരസിംഹ ഭട്ടരെ ദൈവത്തിന്ന മ
നുഷ്യജന്മം എടുക്കുന്ന പുത്രൻ ഉണ്ട എന്ന നി
ങ്ങൾ പറയുന്നുവൊ.

രാമ. സാക്ഷി പക്കിയോട പറഞ്ഞ ഒരു വാക്കു
ണ്ട ഞാൻ പറയാം പിന്നെ ഇല്ല. ഹോ സ്നേഹി
തന്മാരെ ദൈവത്തിന്ന മനുഷ്യനായൊരു പുത്രൻ
എന്നുള്ളത വളരെ ആശ്ചൎയ്യമുള്ള കാൎയ്യം തന്നെ.
യേശു ക്രീസ്തു ആങ്ങിനെ പറഞ്ഞില്ല എങ്കിൽ ഞാ
നും പ്രമാണിക്ക ഇല്ലായിരുന്നു. ഏക സത്യവാ
നും ഏക നിൎമ്മലനും ആയവൻ പറഞ്ഞത പ്രമാ
ണിക്കാമെല്ലൊ ൟ രഹസ്യങ്ങളെ തിരിച്ചറിവാൻ
മാനുഷ ബുദ്ധിക്ക സൂക്ഷ്മത പോരാ ദൈവത്തി
ൻെറ സ്വഭാവത്തെ നോക്കി കണ്ടവൻ ഒരിടവും
ഇല്ല. പാപമില്ലാത്ത മനുഷ്യ സ്വഭാവം എങ്ങി
നെ എന്ന ആരും കണ്ടെത്തുമില്ല. അത ഹേതുവാ
യിട്ട ദൈവ പുത്രൻ പാപം ഇല്ലാത്ത മനുഷ്യനാ
യി പിറന്നു. രഹസ്യ വിശേഷം വിശ്വസിക്കു
ന്നവൎക്ക അല്ലാതെ തിരിച്ചറിവാൻ ആൎക്കും കഴിയു
ന്നതല്ല.

നരസി. വിട രാമ എന്തെല്ലാം പറയുന്നു. ആ
ഉപദേശം എല്ലാം ഭിന്നിപ്രായത, ഹോ ഹോ ഞാൻ
ദൈവ വാക്യം അറിയിക്കുന്നു കേട്ടുകൊൾവിൻ
എന്ന വിളിച്ച തെരുവീഥികൾ തോറും തിരിഞ്ഞ
നടന്ന എഴുത്തുപള്ളികളിൽ പഠിപ്പിച്ച വരുന്നത
എല്ലാം പണം ഉണ്ടാക്കി സ്വരൂപിച്ച വിലാത്തി

ക്ക കൊണ്ടുപോകുന്നതിനല്ലാതെ മറെറന്തിന്ന ആ കുന്നു. എല്ലാവരും ചെയ്യുന്നത ഒരുപോലെ ത ന്നെ ദ്രവ്യം വേണം മറെറാന്നും ഇല്ല. ലോകത്തി ന്റെ അവസാനം വരെണ്ടുന്നത ഇതിന്നായ്ക്കൊ ണ്ടത്രെ. ഹൃദയം കിട്ടിയെല്ലൊ കൌശലക്കാർ പ ണ്ടുപണ്ടെ ഓരൊ വേഷം കെട്ടി ഓരൊ ഭാഷ ചൊല്ലി പൊന്നുണ്ടാക്കി സുഖിച്ചുകൊണ്ടെല്ലൊ. അപ്രകാരം ഇവനും വന്നിരിക്കുന്നു. ൧൦ം സായ്പി നെപ്പോലെ പലരും പല ദിക്കിലും പോയിരിക്കു ന്നു എന്ന ഞാൻ കേട്ടു. അതിന്ന എത്ര ചിലവ വേല എന്ത പ്രസംഗം ചെയ്യുന്നതിന്ന പ്രയാ സം ഇല്ല മാസം കഴിയുന്ന ഉടനെ സക്കാരോട ബോധിപ്പിച്ചാൽ ഇത്ര ചമ്പളം ഉണ്ട കൂട്ടി ചേൎത്ത വക്കും ഇത്ര തന്നെ.

അബ്ദു. അത നേര. പറഞ്ഞപോലെ തന്നെ ഇനിക്കും കൂടെ തോന്നിയിരിക്കുന്നു.

രാമ. എന്ത, എന്ത, ആ സായ്പിനെ ദൂഷിക്കരു ത അവരുടെ പ്രസംഗത്തിന്ന തക്കം പറഞ്ഞാൽ വേദന ഇല്ല ആയാളെ നിന്ദിക്കരുത ഞാൻ ഇരി ക്കുമ്പോൾ നാണം കെടുത്തരുത ഞാൻ അവരോ ട കൂടെ ഇത്ര വൎഷം അഭ്യാസം ചെയ്തുകൊണ്ടിരു ന്നു ഇനിക്ക ദോഷം ഒന്നും ചെയ്തില്ല അപ്പാ സാ ക്കാരിൽനിന്ന ചമ്പളം ഉണ്ട എന്ന അറിവുണ്ടൊ ഇല്ലെയൊ.

നരസി. അത വിട, സക്കാർ കൊടുക്കുന്നില്ല എ ങ്കിൽ അവന്റെ ദേശക്കാർ കൊടുക്കുമായിരിക്കും.

രാമ. പിന്നെ എന്ത. അവർ കാററുകൊണ്ട ഉ പജീവനം കഴിക്കുമൊ വയററിന്ന വേണ്ടായൊ ജനിച്ച പാട്ടിൽ വന്ന പ്രസംഗം ചെയ്യാൽ നി ങ്ങൾക്ക സമ്മതമൊ ഒന്ന ഞാൻ പറയട്ടെ. അ വരുടെ ജന്മദേശത്തിലുള്ള ക്രിസ്തു മതക്കാർ അവ ൎക്ക പണം കൊടുത്തയക്കുന്നു എന്ന ഇനിക്ക അ റിയാം. ഏറിയ രാജ്യങ്ങളിലേക്ക അപ്രകാരം അയ

ച്ചുവരുന്നുണ്ട. ഈ പത്തിരുവത വൎഷത്തിന്നകം കോടി കോടി രുപ്പിക ചിലവു ചെയ്യിരിക്കുന്നതു ഈ യേശു നാമത്തിന്നായിട്ട തന്നെ. ആ നാമത്തെ എല്ലാവരോടും അറിയിക്കേണം എന്ന വെച്ച എല്ലാവിടവും ആളുകളെയും വേദ പുസ്തകങ്ങളെയും അയച്ച ചിലവുചെയ്യുന്നു. അത ദ്രവ്യത്തിന്നായി ചെയ്യുന്നുവൊ. നമ്മാൽ അവൎക്ക എന്ത വരവ, ആ രാജ്യക്കാരുടെ മതം എല്ലായ്പൊഴും അങ്ങിനെ തന്നെ. ഞങ്ങൾ ഈ നാട്ടുകാൎക്ക വേണ്ടി ചിലവുചെയ്യുമൊ.

നരസി. രാമ ആ ദേശക്കാർ അങ്ങിനെ ചെയ്യുകൊള്ളട്ടെ അവരുടെ മനസ്സ. അവൎക്ക ദൈവ ഭക്തി ഉണ്ടായിരിക്കും വെറുതെ ഇത്ര ചിലവ ചെയ്യെണ്ടുന്നതിന വളരെ ഭക്തി വേണം ആ പണം വാങ്ങിച്ച ദിവസം കഴിക്കുന്നവൎക്ക കൂട ഭക്തി വേണമൊ.

രാമ. അപ്പാ ഒന്ന ചോദിക്കട്ടെ. ആ ദേശക്കാൎക്ക മേൽ പറഞ്ഞ മനസ്സുണ്ടെങ്കിൽ വേറെ മനസ്സുള്ളവരെ ഈ രാജ്യത്തിൽ അയക്കുമൊ. തങ്ങളെ പോലെയുള്ളവരെ അയക്കും. അബ്ദുള്ള നിങ്ങൾ കാൎയ്യാദികളെ നടത്തുവാനായിട്ട വിശ്വാസ്യന്മാരെ അല്ലാതെ വേറെ ജനങ്ങളെ ദൂര രാജ്യത്തേക്ക പറഞ്ഞയക്കുമൊ. അപ്പാ നിങ്ങളും പറയെണം നിങ്ങൾ മദ്രാസിൽ ഒരു കാൎയ്യം തീൎക്കേണ്ടുന്നതിന്ന ഒരുത്തനെ നിയോഗിച്ച അയക്കേണ്ടി വരികിൽ നല്ല പരിചയമുള്ളവനെ അല്ലാതെ കണ്ട ആളുകളെ നിയോഗിക്കുമൊ. ആ വിലാത്തിക്കാർ ഈ നാട്ടിലുള്ളവൎക്ക വേണ്ടി ചെയ്യുന്ന ചിലവിന്ന നമ്മാൽ അവൎക്ക വരുന്ന ലാഭം എന്ത? ലാഭം ഇല്ലെങ്കിൽ അവർ അയച്ച വന്നവർ ദ്രവ്യം സമ്പാദിക്കേണ്ടുന്നതിന്ന വന്നിരിക്കുന്നു എന്ന പറവാൻ സംഗതിയുണ്ടൊ.

നരസി. ഹോ. രാമ നിന്റെ മനസ്സ വഷളാ

യിപ്പോയി ൟ ബുദ്ധി നിന്നിൽ ജനിച്ചുവൊ.

അബ്ദു. രാമൻ കുട്ടി താൻ വഷളായി പോകുന്നു. ഇനിക്ക ഒരു വാക്കുമില്ല നിങ്ങൾ കാണുന്ന പ്രകാരം ചെയ്യൊളു ഞാൻ പോകുന്നു എന്ന പീടികക്കാരൻ പറഞ്ഞ എഴുന്നീററ പോയതിന്റെറ ശേഷം.

നരസി. എന്ത എടാ ചൂളാമകനെ അബ്ദുള്ള ചൊടിച്ച പോയി ഇനി പതിനഞ്ച ദിവസം ആ സായ്വിന്റെറ അടുക്കൽ പോയാൽ നീ ചേൎന്നുപോകും നിശ്ചയം നാളെ തുടങ്ങി പോകരുത പോയാൽ നിനക്ക അമ്മയും അച്ഛനും ഇല്ല എന്ന ആണെയിട്ട പറയുന്നു നീ അകത്ത വരെണ്ട. ഇവിടെ ഇരി.

രാമ. അയ്യൊ ൟ വാക്ക കേട്ടിട്ട അച്ഛൻ ചൊടിക്കുന്നു അബ്ദുള്ളയും ചൊടിച്ച പോയി അങ്ങാടിയിൽ കൂടിയവരും സായ്വിനെ നാണം കെടുത്തി ചിരിച്ച കലഹിച്ചുപോയി ൟ വാക്ക നന്നൊ വിടക്കൊ. ഇവിടെ പുലയർ വേടന്മാർ മുക്കോർ ൟ കൂട്ടക്കാർ അല്ലാതെ മററാരും ൟ വിശേഷം പ്രമാണിക്കുന്നില്ല, അത എങ്ങിനെ; ഇത അറിയിക്കുന്നവർ നമ്മുടെ ജനങ്ങളെ പോലെ കള്ളം പറയുന്നവർ അല്ല സത്യ പ്രകാരം നടക്കുന്നു. അവൎക്ക ബുദ്ധിയും വിദ്യയും ഉണ്ട എങ്കിലും ൟ അതിശയങ്ങൾ തന്നെ പരമാൎത്ഥം എന്ന ഉറെച്ചിരിക്കുന്നു. തങ്ങളുടെ സുവിശേഷം ൟ രാജ്യക്കാരോട അറിയിക്കേണ്ടുന്നതിന്ന ജന്മദേശത്തെയും മാതാ പിതാക്കന്മാരെയും എല്ലാം വിട്ട വന്നിരിക്കുന്നു. ഇവർ വിശ്വസിക്കുന്നത, നേരൊ നേരുകേടൊ. ജനങ്ങൾ അവരെ എത്ര ദൂഷിച്ചാലും അവൎക്ക കോപം വരാതെ ശാന്ത മനസ്സ കാണുന്നുണ്ട. നമ്മുടെ ആളുകളോട സത്യ വാക്ക സ്നേഹത്തോട പറഞ്ഞാലും വളരെ ക്രുദ്ധിച്ച അപമാനിക്കുന്നു. ഏത മതം നല്ലത. ൟ മതമൊ, ആ മ

തമൊ. ഞാൻ ബ്രാഹ്മണൻ അല്ലാത്തവനായിരുന്നാൽ പക്ഷെ ക്രിസ്ത്യാനി ആയി പോകും. അതാ അവർ വരുന്നു സായ്പു സലാം.

സായ്പു. രാമൻ കുട്ടി നീ ഇവിടെ ഇരുട്ടത്ത തനിച്ചിരിപ്പാൻ സംഗതി എന്ത ബഹുമാനപ്പെട്ട അച്ഛൻ ശിക്ഷ കല്പിച്ചുവൊ?

രാമ. അയ്യാ അച്ഛൻ പറയുന്ന ഉപചാര വാക്കൊന്നും പ്രമാണിക്കരുത. അച്ഛനോട നിങ്ങളുടെ പ്രസംഗം പറകയാൽ എന്നോട വളരെ കോപിച്ചു. നിങ്ങളെ അധിക്ഷേപം പറഞ്ഞു. ഇനിമേൽ ഞാൻ അവിടെ വരരുത എന്ന പ്രാകിക്കൊണ്ട പറഞ്ഞു. ഇനി എന്ത ചെയ്യെണം.

സായ്പു. രാമൻ കുട്ടി അച്ഛൻ ഇന്ന വേണ്ടാ എന്നും നാളെ പോ എന്നും പറയുമായിരിക്കും.

രാമ. അയ്യാ അങ്ങിനെ അല്ല ആണയിട്ട മുടക്കി ഇരിക്കുന്നു.

സായ്പു. അത ഇനിക്കും ദുഃഖം എങ്കിലും അച്ഛൻ പറഞ്ഞ പ്രകാരം അനുസരിക്കെണം അച്ഛന്റെ വാക്ക കേൾക്കെണം എന്ന ദൈവ ഹിതം അവൎക്ക കോപം ഉണ്ടായാൽ സ്നേഹത്തോട ഇരി ദ്വഷിച്ചാൽ നീ അടങ്ങി പാൎക്കെണം ഇത തന്നെ ദൈവ മാൎഗ്ഗം നീ വഴിപ്പെട്ടുകൊണ്ടാൽ അവർ വിചാരിച്ചുകൊള്ളും. നീ ഗ്രഹിച്ചിട്ടുള്ളത കരുതി പിടിച്ചുകൊണ്ടിരി. യെശുവിന്റെ കരുണ നിന്നോട ഇരിക്കട്ടെ. അതാ നിലാവുദിക്കുന്നു. ഞാൻ പോകുന്നു. ദൈവം നിന്നെ രക്ഷിക്കേണമെ.

രാമ. സലാം അയ്യാ ഇനിക്ക ക്ലേശം ഉണ്ട. സലാം.

നരസി. രാമ രാമ അകത്തുവാ ചോറ കാലമായി വേഗം വാ.

രാമ. വരുന്നു.

J. P.

*COTTAYAM:—Printed at the Church Mission Press.* 1846.

1922 J 9992

2.50

[Kāryyasthanāya Narasiṁha-saṁbhāṣaṇa---]

**N. T. M. R. T. S.**

കാൎയ്യസ്ഥനായ നരസിംഹ ഭട്ടരും അവന്റെ മകനായ രാമൻ കുട്ടിയും അയൽപക്കത്ത പീടികക്കാരനായ അബ്ദുള്ളയും ംരം മൂവരുമായി ഉണ്ടായ സംഭാഷണങ്ങളെ എഴുതിയ പുസ്തകം.

---

നരസിംഹ ഭട്ടർ ഭവനത്തിന്റെ കോലിറയത്ത നടക്കുമ്പോൾ മാസപ്പടിക്കാരന്റെ കയ്യിൽ ഒരു ചെറിയ കെട്ട കൊടുത്ത നീ ഓടി പോയി തപ്പാലിൽ കൊടുക്ക എന്ന പറഞ്ഞയച്ചതിന്റെ ശേഷം അങ്ങാടിയിൽനിന്ന വരുന്ന മകനായ രാമൻ കുട്ടിയെ ദൂരത്തനിന്ന കണ്ടു. ഉറക്കെ വിളിച്ച പറഞ്ഞു, എടാ രാമ ഹജ്ജി എഴുതുവാൻ നിന്നോട പറഞ്ഞ പോയാറെ നീ കടലാസ്സുകൾ എല്ലാം ചിതറി ഇട്ടും വെച്ച എവിടെ പോയി. ഞാൻ കച്ചേരിയിൽനിന്ന കൊണ്ടുവന്ന കടലാസ്സുകൾ കാററുകൊണ്ട പറന്ന പോയി. മുമ്പിൽ പറഞ്ഞ ഹജ്ജി നീ എഴുതി വെക്കാതെയും കടലാസ്സുകൾ കെട്ടി വെക്കാതെയും എങ്ങോട്ട പോയി.

രാമൻ. അപ്പൻ പറഞ്ഞത പോലെ ഹജ്ജി അപ്പോൾ തന്നെ നല്ലവണ്ണം വിചാരിച്ച നോക്കി എഴുതി വെച്ചിട്ടത്രെ ഞാൻ പോയത. അത പറന്നു പോയി എങ്കിൽ ഞാൻ ഇനിയും ഒന്ന എഴുതി തരാം അപ്പാ അടിക്കല്ലെ.

നരസി. ഞാൻ അത ജഡ്ജിക്ക കൊടുത്തയച്ചു നീ എവിടെ പോയി സായ്പിന്റെ പ്രസംഗം കേൾപ്പാനായിട്ടൊ നേരു പറ?

രാമ. അതെ അപ്പാ ഞാൻ അതിന്നായിട്ട തന്നെ പോയി.